D2AML2004 (2 Pages) Name:............................

Reg.No:...........................

# SECOND SEMESTER MA DEGREE EXAMINATION, APRIL 2021

## മലയാളം

## FMAL2C08: ഇന്ത്യൻ സാഹിത്യ സിദ്ധാന്തം

**Time: Three Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതാം.**

**ഓരോന്നിനും 2 വെയ്റ്റേജ് വീതം.** (പരമാവധി 6 **വെയ്റ്റേജ്** )

1. 'കാവ്യം' എന്ന ശബ്ദത്തിന്റെ വ്യാപകവും പരിമിതവുമായ അർത്ഥതലങ്ങൾ ഏവ?
2. കാവ്യനാടകാദികളിലെ വാങ്മയത്തിന ഭട്ടനായകൻ കല്പിക്കുന്ന മൂന്നുതരം വ്യാപാരങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുക?
3. ''യത്രാർത്ഥഃ ശബ്ദോവാ

   തമർത്ഥമുപസർജനീ കൃത സ്വാർത്ഥൗ

   വ്യംക്ത കാവ്യവിശേഷ

   സധ്വനിരിതി സൂരിഭിഃ കഥിതഃ''- ഈ കാരികയിൽ ആനന്ദവർദ്ധനൻ കാവ്യത്തിന്റെ ആന്തരതത്വത്തെ പ്രതിഷ്ഠിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.
4. വർണ്ണവൃത്തവും മാത്രാവൃത്തവും തമ്മിലുള്ള അടിസ്ഥാനവ്യത്യാസങ്ങളെന്ത്? നിങ്ങൾ പഠിച്ച ഏതെങ്കിലും ഉദാഹരണങ്ങൾ നിരത്തി പരിശോധിക്കുക.
5. ആരാണ് സഹൃദയൻ? പൗരസ്ത്യ കാവ്യമീമാംസകർ സഹൃദയന്റെ പ്രാധാന്യത്തെ വെളിവാക്കുന്നതെങ്ങനെ?
6. ഉപമയും പ്രതിവസ്തുപമയും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ എന്തെല്ലാം?
7. തിണസങ്കല്പം - കുറിപ്പെഴുതുക

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങൾക്ക് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതാം. ഓരോന്നിനും 4 വെയ്റ്റേജ് വീതം.** (പരമാവധി 12 **വെയ്റ്റേജ്**)

8. വക്രോക്തിസ്വരൂപം എന്തെന്ന് വ്യക്തമാക്കി വർണ്ണവിന്യാസവക്രതയുടെ സവിശേഷതകൾ ക്രോഡീകരിക്കുക
9. രസപദ്ധതിയിൽ 'ഭാവ'ത്തിനുള്ള പ്രാധാന്യമെന്ത്?

(തുടർച്ച....2)

10. അലങ്കാരപ്രാധാന്യവാദത്തിനു നേതൃത്വം നൽകിയ മീമാംസകരുടെ കാവ്യഭാഷാദർശനം എന്തായിരുന്നു?

11. 'വിശിഷ്ടാ പദരചനാരീതി: വാമനൻ ഈ പ്രയോഗത്തിലൂടെ കാവ്യത്തിന്റെ ആത്മാവായി രീതിയെ പ്രതിഷ്ഠിക്കുന്നുണ്ടോ? അന്വേഷിക്കുക?

12. രഥോദ്ധത, മന്ദാക്രാന്ത, വംശസ്ഥ എന്നീ വൃത്തങ്ങളെ പരിചയപ്പെടുത്തി താളത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള സ്വമതം സ്ഥാപിക്കുക.

13. 'വാച്യാർത്ഥവ്യാപാരം അനുമാനത്തിൽ അന്തർഭവിച്ചിരിക്കുന്നു എന്ന സിദ്ധാന്തത്തെ മഹിമഭട്ടൻ സ്ഥാപിക്കുന്നത് എങ്ങനെ?

14. ഭാരതീയ കാവ്യമീമാംസകരെയും അവരുടെ പ്രധാന കൃതികളെയും വിലയിരുത്തി ഭാരതീയമായ കലാതത്വവിജ്ഞാനത്തിന്റെ പ്രധാന്യത്തെ സംക്ഷേപിക്കുക.

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങൾക്ക് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതാം. ഓരോന്നിനും 6 വെയ്റ്റേജ് വീതം. (പരമാവധി 12 വെയ്റ്റേജ്)**

15. പൗരസ്ത്യമീമാംസകരുടെ അഭിധ, ലക്ഷണ, വ്യഞ്ജന എന്നീ ശബ്ദാർത്ഥ സംബന്ധത്തിന്റെ ഉൾപ്പിരിവുകൾ പരിശോധിക്കുക. കാവ്യാർത്ഥ സൂക്ഷ്മതയിലേക്ക് നയിക്കുന്ന ആന്തരഘടനയാണോ ഇവിടെ കാണാനാകുക?

16. അലങ്കാരങ്ങളുടെ സങ്കല്പനത്തിലും വർഗീകരണത്തിലും ഭാമഹൻ, ദണ്ഡി, വാമനൻ എന്നീ പ്രാചീനാലങ്കാരികർ പുലർത്തുന്ന വൈവിധ്യങ്ങൾ എത്രമാത്രമുണ്ട്? കണ്ടെത്തുക.

17. രസസൂത്രവ്യാഖ്യാനങ്ങളെ പരിചയപ്പെടുത്തി രസാസ്വാദനത്തിന് അവ നലകുന്ന പ്രാധാന്യത്തെ വിലയിരുത്തുക.

18. വൃത്തവും കാവ്യഭാഷയും ഏതെങ്കിലും തരത്തിൽ ബന്ധപ്പെടുത്താൻ കഴിയുമോ? പുതുകവിതകളുടെ വരവോടെ വൃത്തം അപ്രസക്തമായിത്തീർന്നിട്ടുണ്ടോ? ചർച്ച ചെയ്യുക.